# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1939** — **17.12.2012-ൽ മറുപടിയ്ക്ക്**

## നെല്ലിയാമ്പതിയിലെ എസ്റ്റേറ്റുകളുടെ ഏറ്റെടുക്കൽ

| ചോദ്യം<br>ശ്രീ. കെ.വി. വിജയദാസ് | ഉത്തരം<br>ശ്രീ. കെ.ബി. ഗണേഷ്കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
|---|---|
| (എ) നെല്ലിയാമ്പതിയിലെ ഏതെല്ലാം എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിനെതിരെ ആരെല്ലാം ഹൈക്കോടതിയെ സമീപിക്കുകയുണ്ടായെന്ന വിവരം ലഭ്യമാണോ ; | (എ) നെല്ലിയാമ്പതിയിലെ ചെറുനെല്ലി, രാജക്കാട്, മോങ്ക്‌വുഡ് എന്നീ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിനെതിരെ ഹൈക്കോടതിയെ സമീപിച്ച ഹർജിക്കാരുടെ വിവരം അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) എങ്കിൽ ഇത്തരത്തിൽ സർക്കാർ ഭൂമിയിൽ ഉടമസ്ഥാവകാശം സ്ഥാപിക്കാൻ ശ്രമം നടത്തിയവരുടെ പേരും മേൽവിലാസവും ലഭ്യമാക്കുമോ ; | (ബി) സർക്കാർ ഭൂമിയുടെ ഉടമസ്ഥാവകാശം സ്ഥാപിക്കാൻ ശ്രമം നടത്തിയവരുടെ പേരും മേൽവിലാസവും അനുബന്ധം II ആയി ചേർക്കുന്നു. |
| (സി) ഇവർ ഓരോരുത്തരും നിയമ വിരുദ്ധമായി കൈവശം വച്ച് വരുന്ന ഭൂമി എത്ര വീതമാണെന്നതിന്റെ വിശദാംശം വെളിപ്പെടുത്താമോ ; | (സി) **ചെറുനെല്ലി എസ്റ്റേറ്റ്** |

**ചെറുനെല്ലി എസ്റ്റേറ്റ്**

| | | |
|---|---|---|
| 1 | ദേവസ്യ കുര്യൻ ഗ്രൂപ്പ്<br>ദേവസ്യ കുര്യൻ മുതൽ 6 പേർ | 68.10 ഏക്കർ |
| 2 | പൗലോസ് ഗ്രൂപ്പ്<br>പൗലോസ് മുതൽ 3 പേർ | 30.20 ഏക്കർ |
| 3 | കെ.കെ. എബ്രഹാം ഗ്രൂപ്പ്<br>കെ.കെ. എബ്രഹാം മുതൽ 14 പേർ | 70.44 ഏക്കർ |
| 4 | സാവിത്രി ഗ്രൂപ്പ്<br>സാവിത്രി മുതൽ 2 പേർ | 20 ഏക്കർ |
| 5 | എം.കെ. നബീൽ ഗ്രൂപ്പ്<br>എം.കെ. നബീൽ മുതൽ 4 പേർ | 91.9 ഏക്കർ |

**രാജാക്കാട് എസ്റ്റേറ്റ്**

| | | |
|---|---|---|
| 1 | രാജാക്കാട് എസ്റ്റേറ്റ് (പ്രൈ.) ലിമിറ്റഡ് | 134 ഏക്കർ |
| 2 | എ. ജേക്കബ്ബ് | 121.95 ഏക്കർ |
| 3 | പി. ബാലസുബ്രഹ്മണ്യ ഗൗണ്ടർ മുതൽ 3 പേർ | 32.95 ഏക്കർ |

..........................................2)

**<u>മോങ്ക്‌വുഡ് എസ്റ്റേറ്റ്</u>**

| | | |
|---|---|---|
| 1 | അശ്വതി എബ്രഹാം & ഷെർലി എബ്രഹാം | 82.94 ഏക്കർ |
| 2 | ടി.എസ്. കോതണ്ടരാമൻ | 70 ഏക്കർ |
| 3 | നെല്ലിയാമ്പതി ഹിൽ കൺസർവേഷൻ സൊസൈറ്റി | 83.58 ഏക്കർ |

(ഡി) നെല്ലിയാമ്പതിയിലെ ഭൂമി കൈവശക്കാർക്ക് നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം നൽകിയ ജനപ്രതിനിധികൾ ആരെല്ലാമാണെന്ന് വെളിപ്പെടു ത്തുമോ ?

(ഡി) ബഹു. ഗവൺമെന്റ് ചീഫ് വിപ്പ് ശ്രീ. പി.സി. ജോർജ്ജിന്റെ നിവേദനം ലഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**